(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കൾ സ്വയംഭരണ സ്ഥാപനങ്ങളാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(ബി) സ്വയംഭരണ സ്ഥാപനങ്ങളായി മാറുന്നതോടൊപ്പം മാനേജിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം മാനേജിംഗ് കമ്മിറ്റിയുടെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ;

(സി) എൻ.സി.വി.ടി. യുടെ അംഗീകാരമുള്ള ട്രേഡുകൾ നിറുത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2005-2006-ൽ ഇത്തരത്തിലുള്ള എത്ര യൂണിറ്റുകൾ പൂട്ടാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

ഐ.ടി.ഐ. കളിൽ ഇപ്പോൾത്തന്നെ ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗിന്റെ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റികൾ നിലവിലുണ്ട്. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സെന്റേഴ്സ് ഓഫ് എക്സലൻസ്' ആയി തെരഞ്ഞെടുത്ത, കളമശ്ശേരി, ചാക്ക, പന്ദനത്തോപ്പ്, ചാലക്കുടി, ഏറ്റുമാനൂർ ഐ.ടി.ഐ.-കളിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേകമായി ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അതിൽ വ്യവസായ പ്രതിനിധികൾ, ഐ.ടി.ഐ. പ്രിൻസിപ്പൽ, വിദ്യാർത്ഥി പ്രതിനിധി, പി.ടി.എ. പ്രസിഡന്റ്, വ്യവസായ പരിശീലന വകുപ്പിന്റെ കേന്ദ്ര സംസ്ഥാന സർക്കാർ പ്രതിനിധികൾ ഉൾപ്പെടെ മൊത്തം 12 അംഗങ്ങളാണ് ഉള്ളത്.

(സി) കോഴ്സുകളുടെ 'നവീകരണം' അഥവാ 'റീവാമ്പിംഗി'ന്റെ ഭാഗമായി പഴയ ചില ട്രേഡുകൾ നിർത്തലാക്കി പകരം നൂതനവും തൊഴിലധിഷ്ഠിതവുമായ ചില പുതിയ ട്രേഡുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. അതിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

കയ്യൂർ സർക്കാർ ഐ.ടി.ഐ. യുടെ പദവി ഉയർത്തൽ

53[515] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ. മാതൃകാ ഐ.ടി.ഐ. യായി അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിന്റെ ഭാഗമായി പുതുതായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

---

† അനുബന്ധം X.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടെ ഏതൊക്കെ ട്രേഡുകൾ പുതുതായി ആരംഭിക്കുമെന്നും അവയുടെ കാലദൈർഘ്യം എത്രയായിരിക്കുമെന്നും വെളിപ്പെടുത്താമോ;

(സി) പുതുതായി ഏതൊക്കെ തസ്തികകൾ അനുവദിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ സർക്കാർ ഐ.ടി.ഐ. ഒരു മാതൃകാ ഐ.ടി.ഐ. ആക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. മാതൃകാ ഐ.ടി.ഐ. ആയി ഉയർത്തുന്നതുമൂലം ഇപ്പോൾ ഉള്ളതിനു പുറമേ 3 ഹൃസ്വകാല കോഴ്സുകളും 3 ദീർഘകാല കോഴ്സുകളും തുടങ്ങുന്നതിനായി വിവിധ കാറ്റഗറികളിലായി തസ്തികകൾ പുതുതായി സൃഷ്ടിക്കേണ്ടതുണ്ട്.

(ബി) പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ട്രേഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

	ട്രേഡ്	*യൂണിറ്റ്*	*കാലയളവ്*
1.	മെക്കാനിക്ക് കമ്പ്യൂട്ടർ ഹാർഡ്വെയർ	2	2 വർഷം
2.	മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ്	1	2 വർഷം
3.	മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ	2	2 വർഷം
4.	ഡാറ്റാ എൻട്രി ഓപ്പറേറ്റർ	2	6 മാസം
5.	ഡ്രൈവർ-കം-മെക്കാനിക്ക്	2	6 മാസം
6.	ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്	2	6 മാസം

(സി) തീരുമാനമായിട്ടില്ല.

കണ്ണൂർ സർക്കാർ ഐ.ടി.ഐ. സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം

54[516] *ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കണ്ണൂർ ഗവൺമെന്റ് ഐ.ടി.ഐ. സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ബി) എത്ര തുകയുടെ എസ്റ്റിമേറ്റാണ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്;

(സി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly